**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5438 01.07.2019-ലെ മറുപടിയ്ക്ക്

**നിലമ്പൂർ മിനിസ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക്**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.വി. അൻവർ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| (എ) | നിലമ്പൂരിൽ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്ന നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സിൽ നാനൂറ് മീറ്റർ സിന്തറ്റിക് ട്രാക്ക് എട്ട് ലൈനുകളാക്കി നിർമ്മിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; എത്ര ലൈനോട്ടുകൂടിയാണ് ട്രാക്ക് നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സിൽ പണി കഴിപ്പിച്ചു വരുന്ന നാനൂറ് മീറ്റർ സിന്തറ്റിക് ട്രാക്ക് എട്ട് ലൈനുകളാക്കി നിർമ്മിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ടുള്ള നിവേദനം ലഭ്യമായിട്ടില്ല. നിലവിൽ 6 ലൈൻ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കാനാണ് പദ്ധതിയുള്ളത്. മലപ്പുറം ജില്ലയിലെ മഞ്ചേരി സ്റ്റേഡിയത്തിൽ 8 ലൈനോട്ടുകൂടിയുള്ള സിന്തറ്റിക് ട്രാക്ക് നിർമ്മാണപുരോഗതിയിലാണ്. |
| (ബി) | ജില്ലാതലം മുതലുള്ള മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് എട്ട് ലൈൻ ട്രാക്കുകൾ വേണമെന്നിരിക്കെ, നിലമ്പൂർ മിനിസ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക് എട്ട് ലൈനായി നിർമ്മിക്കുന്നതിന് സ്പോർട്സ് ഡയറക്ടറേറ്റിനും നിർമ്മാണ ചുമതലയുള്ള കിറ്റ്കോ-ക്കും നിർദ്ദേശം നൽകുമോ; | | |
| (സി) | മലപ്പുറം ജില്ലയിൽ നാനൂറ് മീറ്റർ സിന്തറ്റിക് ട്രാക്കോട്ടുകൂടിയ എത്ര സ്റ്റേഡിയങ്ങൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും വിശദമാക്കാമോ? | (സി) | മലപ്പുറം ജില്ലയിൽ 8 ട്രാക്കോട്ടുകൂടിയ 400 മീറ്റർ സിന്തറ്റിക് സ്റ്റേഡിയം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ തേഞ്ഞിപ്പാലത്തും, കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള |

| | | | |
|---|---|---|---|
| | | | മഞ്ചേരിയിലെ ജില്ലാ സ്പോർട്സ് കോംപ്ലക്സ് സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്ന പദ്ധതി കായിക വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ട്. 6 ട്രാക്കോടു കൂടിയ 400 മീറ്റർ സിന്തറ്റിക് സ്റ്റേഡിയം തിരൂർ മുനിസിപ്പാലിറ്റിയുടെ കീഴിലുണ്ട്. |

സെക്ഷൻ ഓഫീസർ